**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 7**

**03.02.2020 ൽ മറുപടിക്ക്**

## ഏകീകൃത ഉൽപ്പാദന ക്ലസ്റ്റർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഷാഫി പറമ്പിൽ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി )** |
| (എ) | കൊച്ചി-ബെംഗലൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേക്ക് നീട്ടുന്നതിനുള്ള കേന്ദ്ര തീരുമാനം സംസ്ഥാനത്തെ വ്യവസായ വികസനത്തിന് എത്രമാത്രം സഹായകമാകുമെന്ന് വിശദമാക്കാമോ; | (എ), (ബി), (സി) & (ഡി) | കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി പദ്ധതി കോയമ്പത്തൂർ വഴി കൊച്ചിയിലേക്ക് നീട്ടുന്നതിന്റെ ഭാഗമായി വികസിപ്പിക്കുന്ന ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളിൽ ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ് -I) പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, നൈപുണ്യവികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. 20.11.2019 ലെ സ.ഉ.(സാധാ) നം.1152/ 2019/വ്യവ ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. നോഡ്-ഒന്നിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിന് 16.01.2020 തിയ്യതിയിലെ സ.ഉ(കൈ) നം.15/2020/ വ്യവ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി പാലക്കാട് ഏകീകൃത ഉല്പാദന ക്ലസ്റ്റർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ; | | |
| (സി) | ഇതിനായി സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | | |
| (ഡി) | സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**